എച്ച്.ഐ.വി. ദുരിത ബാധിതർക്ക് പെൻഷൻ

8 (4811) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി ദുരിത ബാധിതരായി എത്ര പേരുണ്ട് ; ഓരോ ജില്ലയിലും എത്ര വീതം ; വ്യക്തമാക്കുമോ ;

(ബി) എച്ച്.ഐ.വി ദുരിത ബാധിതർക്ക് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖാന്തരം നൽകിവരുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ ;

(സി) എച്ച്.ഐ.വി ദുരിത ബാധിതർക്ക് പെൻഷൻ നൽകുന്നുണ്ടോ ; എങ്കിൽ പ്രതിമാസ പെൻഷൻ തുകയെത്ര ; പെൻഷൻ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിലെ ജ്യോതിസ് (ICTC) കേന്ദ്രങ്ങൾ മുഖേന എച്ച്.ഐ.വി പരിശോധന നടത്തി കണ്ടെത്തിയ എച്ച്.ഐ.വി. ബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	എച്ച്.ഐ.വി. ബാധിതരുടെ എണ്ണം
(1)	(2)
ആലപ്പുഴ	1191
എറണാകുളം	1758
ഇടുക്കി	398
കണ്ണൂർ	1532
കാസർഗോഡ്	1302
കൊല്ലം	998

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
കോട്ടയം	2339
കോഴിക്കോട്	4113
മലപ്പുറം	532
പാലക്കാട്	2363
പത്തനംതിട്ട	637
തിരുവനന്തപുരം	5263
തൃശ്ശൂർ	4505
വയനാട്	242
ആകെ	27171

(ബി) എച്ച്.ഐ.വി. ബാധിതർക്ക് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖാന്തരം പ്രതിമാസം നാനൂറ് (400) രൂപ ധനസഹായവും നൂറ്റി ഇരുപത് (120) രൂപ യാത്രാപടിയും ഉൾപ്പെടെ അഞ്ഞൂറ്റി ഇരുപത് (520) രൂപ നൽകിവരുന്നു.

Anti Retroviral ചികിത്സ ആവശ്യമുള്ള എയ്ഡ്സ് രോഗികൾക്ക് പത്ത് എ.ആർ.ടി കേന്ദ്രങ്ങളും പതിമൂന്ന് ലിങ്ക് എ.ആർ.ടി കേന്ദ്രങ്ങളുവഴി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. അതോടൊപ്പം അവസരജന്യ രോഗങ്ങളായ ക്ഷയരോഗം, ന്യൂമോണിയ, പൂപ്പൽ മുതലായ രോഗങ്ങൾക്കുള്ള മരുന്നുകളും സൗജന്യമായി നൽകുന്നുണ്ട്.

(സി) ഉണ്ട്. നാനൂറ് (400) രൂപ ധനസഹായവും നൂറ്റി ഇരുപത് (120) രൂപ യാത്രാപടിയും എന്ന നിരക്കിൽ അഞ്ഞൂറ്റി ഇരുപത് (520) രൂപ വീതം പ്രതിമാസം നൽകുന്നുണ്ട്. പെൻഷൻ കുടിശ്ശികയുണ്ട്. 2014 ജനുവരി മുതൽ കുടിശ്ശികയുണ്ട്.

ആരോഗ്യ കിരണം പദ്ധതി

9 (4812) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly